# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 325** 07.08.2017 — ൽ മറുപടിക്ക്

## പുതിയ റേഷൻ കാർഡുകൾ

**ചോദ്യം**

**ശ്രീ. കെ കെ. രാമചന്ദ്രൻ നായർ :**

(എ) സംസ്ഥാനത്തെ പുതിയ റേഷൻ കാർഡുകളിൽ എ.പി.എൽ, ബി.പി.എൽ വിഭാഗങ്ങളിൽ ഉൾപ്പെട്ട അനർഹരെ കണ്ടെത്തി മാറ്റങ്ങൾ വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനത്തിന് സ്പോട്ട് ചെക്കിംഗ് വ്യാപകമായി നടത്തുന്ന കാര്യം ആലോചിക്കാമോ?

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)**

(എ) യും (ബി) യും അനർഹരെ ഒഴിവാക്കി അർഹരെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് മുൻഗണനാ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ, സർക്കാർ അംഗീകൃത സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ, സഹകരണ മേഖലയിലെ ജീവനക്കാർ, സർവ്വീസ് പെൻഷൻകാർ എന്നിവർ കൃത്യമായി റേഷൻ കാർഡ് തിരിച്ചേൽപ്പിച്ച് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ 20.08.2017-വരെ സമയപരിധി നൽകിയിട്ടുണ്ട്. ഇതിനുപരിയായി അനർഹർക്കെതിരെ ഇൻഡ്യൻ ക്രിമിനൽ ശിക്ഷാനിയമ പ്രകാരവും അവശ്യസാധന നിയമം, 1955 പ്രകാരവും നടപടിയെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ വകുപ്പ് മേധാവികൾക്കും, സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട എല്ലാവർക്കും ഇക്കാര്യം സംബന്ധിച്ച കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 3 (13) ന്റെ അടിസ്ഥാനത്തിൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 പ്രകാരം പ്രസിദ്ധീകരിക്കുന്ന മുൻഗണനാ പട്ടിക തുടർച്ചയായ പുനരവലോകനത്തിന് വിധേയമാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

*സെക്ഷൻ ഓഫീസർ*